**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4493** **18-03-2025 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ക്ഷേത്രക്കുളങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്കായും, ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളം - കാവ് ആൽത്തറകളുടെ നവീകരണത്തിനായും വർഷാവർഷം സർക്കാർ ബജറ്റിൽ ഫണ്ട് വകയിരുത്തുകയും ഓരോ സാമ്പത്തിക വർഷവും ബജറ്റ് വിഹിതത്തിൽ അനുവദിക്കുന്ന ഫണ്ട്, ഓരോ ക്ഷേത്രത്തിനും ഗ്രാന്റായി മെറിറ്റ് പരിഗണിച്ച് അനുവദിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിന് എന്തുസഹായം നൽകിവരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളം - കാവ് ആൽത്തറകളുടെ നവീകരണത്തിനായി വർഷാവർഷം സർക്കാർ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തുന്നുണ്ട്. നിലവിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര കുളങ്ങളുടെയും കാവുകളുടെയും നവീകരണത്തിനായി ഭരണാനുമതി നൽകിയ ക്ഷേത്രങ്ങൾക്കാണ് ഈ തുക അനുവദിച്ചു വരുന്നത്. |
| (സി) | മുക്കം വട്ടോളി ദേവീക്ഷേത്രക്കുളം നവീകരണത്തിന് സഹായം ആവശ്യപ്പെട്ടുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ? | (സി) | മുക്കം വട്ടോളി ദേവീക്ഷേത്രത്തിന്റെ കുളം നവീകരണത്തിന് ക്ഷേത്രഭരണാധികാരി സമർപ്പിച്ച അപേക്ഷയിന്മേൽ, സ്പെഷ്യൽ ഗ്രാന്റായി വകയിരുത്തിയ 5,00,000/- രൂപയിൽ ആദ്യ ഗഡുവായി 3,50,000- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ